പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1191 — 30.01.2018-ൽ മറുപടിയ്ക്ക്

## മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) മലയോര ഹൈവേയുടെയും തീരദേശ ഹൈവേയുടെയും പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | എ) മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യ ഘട്ടമായി 27 പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്. ഇതിൽ പത്തനംതിട്ടയിലെ ഒരു പ്രവൃത്തി കെ.എസ്.റ്റി.പി.യുടെ പരിധിയിൽ വരുന്നതാണ്. ബാക്കി 26 പ്രവൃത്തികളിൽ 20 പ്രവൃത്തികളുടെ DPR, KIIFB - യിൽ upload ചെയ്തു കഴിഞ്ഞു. തീരദേശ ഹൈവേയുടെ ആദ്യ ഘട്ടമായി 242 കി.മീറ്ററിലെ പ്രവൃത്തികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ 13 റോഡുകൾ ഉൾപ്പെടും. |
| (ബി) കിഫ്ബിയിൽ ഇതിലേക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. | (ബി) മലയോര ഹൈവേയുടെയും തീരദേശഹൈവേയുടെയും നിർമ്മാണത്തിനായി യഥാക്രമം 3500 കോടി രൂപയും 6500 കോടി രൂപയും ആണ് കിഫ്ബിയിൽ ഉൾപ്പെടുത്തി വകയിരുത്തി യിട്ടുള്ളത്. |
| (സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) കിഫ്ബിയിൽ സമർപ്പിച്ച മലയോര ഹൈവേ പദ്ധതികളിൽ 110.995 കി.മീ. വരുന്ന 4 പദ്ധതികൾക്ക് 395.42 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ